കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

എലപ്പുള്ളി ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ-പികെഡി11/1584/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി-16.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എലപ്പുള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എലപ്പുള്ളി ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി11/1584/17 തീയ്യതി: 16.09.2017

# പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.10.2016 മുതൽ 2.7.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : സുനിൽദാസ്.എസ്.

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 3.07.2017 മുതൽ 10.07.2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.സുജാത | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.എം.വി.ബീന | ഓഡിറ്റർ |
| | കുമാരി.പി.കാർത്തിക | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എ.തങ്കമണി | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീ.ആർ.ഗോപാലകൃഷ്ണപ്പിള്ള (സെക്രട്ടറി ഇൻ ചാർജ്) | 1.4.16 മുതൽ 14.7.16FN വരെ |
| | ശ്രീ.എ.മോഹനൻ | 14.7.16AN മുതൽ 3.1.17 വരെ |
| | ശ്രീ.ആർ.ഗോപാലകൃഷ്ണപ്പിള്ള | 4.1.17 മുതൽ 15.1.17 വരെ |

| | | |
|---|---|---|
| | (സെക്രട്ടറി ഇൻ ചാർജ്) | |
| | ശ്രീ.എ.മോഹനൻ | 16.1.17 മുതൽ 31.3.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.അരുൺ.ടി.ടി. | 1.4.16 മുതൽ 31.5.16 വരെ |
| | ശ്രീ.ജോർജ്ജ് സ്വീറ്റ് | 1.6.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ആഭമോൾ.കെ.വി. | 1.4.16 മുതൽ 22.5.16 വരെ |
| | ശ്രീ.സൈനുലാബ്ദീൻ.എ. | 23.5.16 മുതൽ 22.6.17 വരെ |
| | ശ്രീമതി.ആഭമോൾ.കെ.വി. | 23.6.16 മുതൽ 20.7.16FN വരെ |
| | ശ്രീ.സേതു.എസ്. | 20.7.16AN മുതൽ 8.8.16 വരെ |
| | ശ്രീ.രവി.വി. | 9.8.16 മുതൽ 31.3.17 വരെ |
| പ്രധാനാദ്ധ്യാപിക, GUPS, എലപ്പുള്ളി | ശ്രീമതി. അംബിക | 1.4.16 മുതൽ 17.12.16 വരെ |
| | ശ്രീ.വിജയരാഘവൻ | 18.12.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ. | ശ്രീ.തങ്കരാജ്.പി. | 1.4.16 മുതൽ 30.5.16 വരെ |
| | ശ്രീ.നവനീത്.സി.കെ. | 31.5.16 മുതൽ 31.3.17 വരെ |
| എൽ.വി.ഇ.ഒ. | ശ്രീമതി.ഗംഗ | 1.10.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ആർ.സൗദാമിനി | 1.4.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ആർ.ഗോപാലകൃഷ്ണപ്പിള്ള | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.അരുൺ ശ്രീധർ | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.പി.എച്ച്.ഏലിയാമ്മ | 1.4.16 മുതൽ 30.11.16FN വരെ |
| | ഡോ.സുനിത | 30.11.16AN മുതൽ 28.1.17FN വരെ |
| | ഡോ.രഘുരാജൻ.വി. | 28.1.17AN മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ലാലു.ടി.ആർ. | 1.4.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.എം.എ.നാസർ | 1.4.16 മുതൽ 31.3.17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഡി.രാധിക | 1.4.16 മുതൽ 31.3.17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 8.3.16 തിയതിയിലെ II-ാം നമ്പർ തീരുമാനസപ്രകാരവും പുതുക്കിയ ബജറ്റ് 24.10.16 തിയതിയിലെ 4-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 29.6.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - ₹. 21735528.00

വരവ് - ₹. 110421617.00

ആകെ - ₹. 132157145.00

ചെലവ് - ₹. 101763453.00

നീക്കിയിരിപ്പ് - ₹. 30393692.00

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22032296 | 22032296 | 22032296 | 0 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 12531762 | 12531762 | 12078393 | 453369 | 0 | 96.4 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9948123 | 9948123 | 9704766 | 243357 | 0 | 97.5 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5740488 | 5740488 | 5656771 | 83717 | 0 | 98.5 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12356436 | 12356436 | 11790942 | 565494 | 0 | 95.4 |
| പെർഫോമൻസ് ഗ്രാന്റ് (central) | 0 | 2805205 | 2805205 | 2685656 | 119549 | 0 | 95.7 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 271 | 125940920 | 175 | 69621685 | 96 | 64.57 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 37.90 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വർദ്ധനവ് | വർദ്ധനവ് ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 5308207 | 7203930 | 1895723 | (+)35.71 |
| നികുതിയേതര വരവുകൾ + മറ്റു വരവുകൾ | 1239318 | 1825111 | 585793 | (+)47.27 |
| ആകെ | 6547525 | 9029041 | 2481516 | (+)37.90 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 14 | 14 | 0 |
| 2 | തൊഴിൽ രഹിത വേതനം | 13 | 13 | 0 |
| 3 | വിധവാ പെൻഷൻ | 140 | 140 | 0 |
| 4 | വികലാംഗ പെൻഷൻ | 71 | 68 | 3 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 630 | 556 | 74 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.7.17 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35242/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.6.17 | 1.5.2017 to 31.5.2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഓഡിറ്റ് നടന്നിട്ടില്ല | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

A. താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ഫ്യുവൽ സ്റ്റേഷൻ പ്രവർത്തിക്കുന്നതിനായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്.എന്നാൽ ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് വ്യത്യസ്ത ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിലാണ്.

| കെട്ടിടനം./ വാർഡ് നം. | ഡി&ഒ ക്രമ നം. | വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്ന ഉപയോഗക്രമം | വിസ്തീർണ്ണം | ഇളവ്/ വർദ്ധനവ് | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 135/6 | 137/16-17 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 35 $m^2$ | ഇളവ് (കാലപ്പഴക്കം-20% വർദ്ധനവ് വഴി -20% | 1400 | 2100 | 700 |
| 136/6 | “ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 35 $m^2$ | ഇളവ് (മേൽക്കൂര – 10% കാലപ്പഴക്കം-20% വർദ്ധനവ് വഴി -20%) | 200 | 1890 | 1690 |

ഫ്യവൽ സ്റ്റേഷനുകൾക്ക് 60/- രൂപ നിരക്കിലാണ് വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) കെട്ടിടങ്ങൾക്ക് 40/- രൂപ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 50/- രൂപ എന്നീ വ്യത്യസ്ത നിരക്കുകളിലാണ് ടി കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്.

B. 2016-17 സാമ്പത്തിക വർഷത്തിൽ ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച 114 m2 വിസ്തീർണ്ണമുള്ള 142/22 നമ്പർ കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് ഉൾപ്പെടുത്തി 50/- രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ പഞ്ചായത്ത് ഈടാക്കുന്ന നികുതി നിരക്കുകൾ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 70/- രൂപ നിരക്കിലാണ് നികുതി ഈടാക്കേണ്ടത്.

C) പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടം വ്യാവസായികാവശ്യത്തിനുള്ള കെട്ടിടമായി പ്രവർത്തിക്കുന്നതായി കാണുന്നു.

| കെട്ടിടനം./ വാർഡ് നം. | ഡി&ഒ ക്രമ നം. | ഉപയോഗം | വിസ്തീർണ്ണം | ഇളവ്/ വർദ്ധനവ് | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 250/17 | 82/16-17 | റോയൽ ഗാർമെന്റ്സ് | $150m^2$+ $150m^2$ =$300m^2$ | ഇളവ് (മേഖല – 10% കാലപ്പഴക്കം-20% വർദ്ധനവ്-ഇല്ല | 1350 | 21600 | 20250 |

പഞ്ചായത്ത് ഈടാക്കുന്ന നികുതി നിരക്കുകൾ പ്രകാരം പാർപ്പിടാവശ്യത്തിന് 6/- രൂപ നിരക്കിലും വാണിജാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 90/- രൂപ നിരക്കിലും ആണ് നികുതി ഈടാക്കേണ്ടത്. ടി കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതിയിൽ സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്.

കെട്ടിടങ്ങളുടെ ഉപയോഗ ക്രമം ശരിയായി കാണിക്കാതെ നികുതി നിർണ്ണയിക്കുന്നത് മൂലം ഈയിനത്തിൽ ഭീമമായ നഷ്ടം ഉണ്ടാകാൻ സാധ്യതയുണ്ട്. കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിന്റെ കൃത്യത ഉറപ്പാക്കുന്നതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതും ഇത്തരം അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് കുറവുള്ള നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 18/10.07.17)

## 2-2 അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം - നടപടി സ്വീകരിക്കേണ്ടതാണ്

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 4(2) പ്രകാരം ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ അല്ലെങ്കിൽ കൂട്ടി ചേർക്കുകയോ വിപുലീകരിക്കുകയോ കെട്ടിടത്തിന് മാറ്റം വരുത്തുകയോ അല്ലെങ്കിൽ അതിന് കാരണമാവുകയോ ചെയ്യുന്നതിന് മുമ്പ് ആദ്യം അത്തരത്തിലുള്ള ഓരോ കെട്ടിടത്തിനും പ്രത്യേകമായി സെക്രട്ടറിയിൽ നിന്ന് കെട്ടിട പെർമിറ്റ് നേടിയിരിക്കേണ്ടതാണ്. എലപ്പുള്ളി ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള നീലഗിരി പബ്ലിക് സ്കൂൾ, നോമ്പിക്കോട് എന്ന സ്ഥാപനം 6 കെട്ടിടങ്ങളിലായി $2289.925m^2$ വിസ്തീർണ്ണത്തിൽ പ്രവർത്തിക്കുന്നതായി 07.07.2017 തീയതിയിൽ നേരിൽ പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ ആകെ 3 കെട്ടിടങ്ങളുടെ വസ്തു നികുതി മാത്രമാണ് നാളിതുവരെ അസസ്സ് ചെയ്ത് ഈടാക്കുന്നത്. ബാക്കി നിൽക്കുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിക്കുകയോ കെട്ടിടങ്ങളുടെ നിർമ്മാണം റഗുലറൈസ് ചെയ്യുകയോ വസ്തുനികുതി അസസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിടം | വിസ്തീർണ്ണം ($m^2$) | റിമാർക്സ് |
|---|---|---|
| കെട്ടിടം- 1 | താഴത്തെ നില –274.45<br>ഒന്നാം നില – 274.45<br>ആകെ - 548.9 | നികുതി നിർണ്ണയിച്ചിട്ടുണ്ട്. |
| കെട്ടിടം- 2 | താഴത്തെ നില –278.73<br>ഒന്നാം നില – 278.73<br>ആകെ - 557.46 | അനധികൃത നിർമ്മാണം |

| | | |
|---|---|---|
| കെട്ടിടം- 3 | താഴത്തെ നില –269.1<br>ഒന്നാം നില – 269.1<br>രണ്ടാം നില -269.1<br>ആകെ - 807.3 | നികുതി നിർണ്ണയിച്ചിട്ടുണ്ട്. |
| കെട്ടിടം- 4 | താഴത്തെ നില –140.685<br>ഒന്നാം നില – 140.685<br>ആകെ - 281.37 | അനധികൃത നിർമ്മാണം |
| കെട്ടിടം- 5 | താഴത്തെ നില –76.22<br>ആകെ - 76.22 | അനധികൃത നിർമ്മാണം |
| കെട്ടിടം-6 | താഴത്തെ നില –18.675<br>ആകെ - 18.675 | നികുതി നിർണ്ണയിച്ചിട്ടുണ്ട്. |




പെർമിറ്റ് ഫീ, വസ്തു നികുതി എന്നിവ അസ്സസ്സ് ചെയ്യാത്ത കെട്ടിടങ്ങൾ



മേൽ സൂചിപ്പിച്ച അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 18/10.7.2017)

## 2-3 റഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള 618/22,619/22 നമ്പർ കെട്ടിടങ്ങൾ ശ്രീവൽസൻ, പള്ളത്തേരി എന്ന വ്യക്തിയുടേതാണ്. പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടത്തിന് 118$m^2$ നാണ് പെർമിറ്റ് അനുവദിച്ചിരുന്നത്. എന്നാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം 176.32$m^2$ ലാണ് നിർമ്മാണം നടത്തിയിരിക്കുന്നത്. അനുവദിച്ച പെർമിറ്റിലും അധികമായി നിർമ്മാണം നടത്തിയ 58.32$m^2$ നിർമ്മാണത്തിന് റഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് -അപാകതകൾ.

A)താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 'ഡി & ഒ' ലൈസൻസ് ഫീസ്, ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന ഫീസിന് വിരുദ്ധമായി കുറവ് ഫീസാണ് ഈടാക്കിയിട്ടുള്ളത്.

| ലൈസൻസ് നം. | സ്ഥാപനം | അപേക്ഷ പ്രകാരം ഒരു ദിവസത്തെ വിറ്റുവരവ് | ഈടാക്കിയ ഫീസ്, രസീതി നം./തീയതി | ഈടാ ക്കാവുന്ന ഫീസ് | കുറവ് |
|---|---|---|---|---|---|
| 148/16-17 | S.B.എൻറർപ്രൈസസ് | 1500000 | 1000 11503105282/ 1.3.16 | 4000 | 3000 |
| 177/16-17 | എം.കെ.സ്റ്റീൽസ് | 200000 | 1000 11503106064/ 30.3.16 | 4000 | 3000 |
| 194/16-17 | കങ്കാണി സ്റ്റീൽസ് & ഫെറോ അലോയ്സ് | 100000 | 1000 11603100285/ 11.4.16 | 2000 | 1000 |

സ്ഥാപനങ്ങൾക്ക് ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുമ്പോൾ പ്രതിദിന വിറ്റുവരവ്/യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

B)1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യ വുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക V പ്രകാരം ഭക്ഷ്യ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നുള്ള സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്നാൽ നിരവധി സ്ഥാപനങ്ങൾക്ക് ഈ വ്യവസ്ഥ പാലിക്കാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് നം | അപേക്ഷകന്റെ പേരും മേൽ വിലാസവും | സ്ഥാപനം |
|---|---|---|
| 24/16-17 | കെ.മോഹനൻ, പാറ, എലപ്പുള്ളി | കൃഷ്ണ ബേക്കേഴ്സ് |
| 125/16-17 | ശിവരാമൻ.കെ.കെ, പാറ, എലപ്പുള്ളി | ഹോട്ടൽ വൃന്ദ |
| 245/16-17 | പത്മജ പ്രഭാകരൻ, വേങ്ങോടി, എലപ്പുള്ളി | മലബാർ കിച്ചൺ റസ്റ്റോറന്റ് |

ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷകളോടൊപ്പം ആവശ്യമായ നിരാക്ഷേപപത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 2-5 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - ചട്ടം പാലിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫാമുകൾക്ക് 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഫോറം നമ്പർ 3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ചട്ടപ്രകാരമുള്ള ലൈസൻസ് ആവശ്യമാണ്. 2016-17 ൽ ഡി&ഒ ലൈസൻസ് നല്കിയ താഴെപ്പറയുന്ന സ്ഥാപനത്തിന് മേൽ ചട്ടപ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനം/അപേക്ഷകൻ | പക്ഷികളുടെ എണ്ണം |
|---|---|---|---|
| 1 | 20/16-17 | റോയൽ പൗൾട്രി ഫാം<br>ജോജി.പി.എൽ, പുതുശ്ശേരി (H.O), എറണാകുളം | 16000<br>(മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം) |

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ചട്ട പ്രകാരമുള്ള ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കിയ അർദ്ധവർഷം / ഈടാക്കിയ തുക | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| വേങ്ങോടി പോസ്റ്റോഫീസ് | 2 | ഒന്നാം അർദ്ധ വർഷം<br>900/- | രണ്ടാം അർദ്ധ വർഷം |

ബി) സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| എസ്. ബി. ഐ, എലപ്പുള്ളി ബ്രാഞ്ച് | ഒന്നും രണ്ടും അർദ്ധ വർഷം |
| നെയ്തല വനിത ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നാം അർദ്ധ വർഷം |
| ശ്രീരാമ ഇൻഡസ്ട്രീസ് യൂണിറ്റ് II, വേങ്ങോടി | രണ്ടാം അർദ്ധ വർഷം |

| | |
|---|---|
| നവഭാരത് സിസ്റ്റംസ് & ഡിവൈസസ് (P) Ltd. | ഒന്നും രണ്ടും അർദ്ധ വർഷം |
| മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | ഒന്നാം അർദ്ധ വർഷം |
| മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് | ഒന്നാം അർദ്ധ വർഷം |
| Kelknit ഗാർമെന്റ്സ് ,കുന്നാച്ചി | ഒന്നും രണ്ടും അർദ്ധ വർഷം |
| ബി.എസ്. എൻ. എൽ | ഒന്നും രണ്ടും അർദ്ധ വർഷം |
| മാവേലി സ്റ്റോർ,എലപ്പുള്ളി | ഒന്നും രണ്ടും അർദ്ധ വർഷം |
| ഇസാഫ് മൈക്രോ ഫിനാൻസ് ഇൻവെസ്റ്റ്മെന്റ്സ് (P) Ltd | ഒന്നും രണ്ടും അർദ്ധ വർഷം |
| ദി എലപ്പുള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും അർദ്ധ വർഷം |
| കെ. എസ്. ഇ. ബി | ഒന്നും രണ്ടും അർദ്ധ വർഷം |
| ശ്രീദേവി ഓഡിറ്റോറിയം | രണ്ടാം അർദ്ധ വർഷം |
| GTN എന്റർപ്രൈസസ് ലിമിറ്റഡ്, എലപ്പുള്ളി | ഒന്നാം അർദ്ധ വർഷം |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 പുനർലേലം നടത്തിയില്ല

കൃഷി ഭവൻ ഗോഡൗണിലെ മരപ്പലകകളുടെ (45.6 m2) ലേലം 14-06-16 തിയതി നടത്തിയതിൽ 26 പേർ പങ്കെടുത്തെങ്കിലും ആർക്കും ലേലം ഉറപ്പിച്ച് നൽകുകയോ പുനർലേലം നടത്തുകയോ ചെയ്തിട്ടില്ല. അസി.എഞ്ചിനിയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 13680/- രൂപയാണ് മരപ്പലകകൾക്ക് മൂല്യം നിർണ്ണയിച്ചിരിക്കുന്നത്. 4000/- രൂപ വരെയാണ് ലേലം വിളി നടന്നത്. ആയതിനാൽ 29-09-16 തിയതിയിലെ 3(2) നമ്പർ തീരുമാന പ്രകാരം പുനർലേലം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ മരപ്പലകകൾ പുനർലേലം നടത്തി ആർക്കും ഏൽപ്പിച്ച് നൽകിയിട്ടില്ല.



കൃഷി ഭവൻ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്ന മരപ്പലകകൾ

മരപ്പലകകൾ ലേലം ചെയ്ത് നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടെണ്ടർ നടപടികൾ പാലിക്കാതെ പർച്ചേസുകൾ നടത്തുന്നത് ഒഴിവാക്കണം

പദ്ധതി -കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

പ്രൊജക്ട് നം. 3/17

ഫണ്ട്- വികസന ഫണ്ട്

നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ഗ്രാമപഞ്ചായത്തിലേക്കാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതെ ഉയർന്ന ടെണ്ടറുകൾ അംഗീകരിച്ച് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നു.

എ) യു പി എസ് വാങ്ങൽ

IGA Tech എന്ന സ്ഥാപനത്തിൽ നിന്നും MER 46/4.7.16 പ്രകാരം 119553 രൂപ വിലയുള്ള യു പി എസ് വാങ്ങിയിട്ടുണ്ട്

ട്രഷറി ബിൽനം.8/3.10.16, തുക-119653

16.3.16 തീയതിയിലെ ടെണ്ടർ പ്രകാരം 5 KVA യുപിഎസിന് പോസിറ്റീവ് ബിസിനസ് സൊലൂഷൻസ് എന്ന സ്ഥാപനം 92000 രൂപയാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. കുറഞ്ഞ ടെണ്ടർ സമർപ്പിച്ച സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാത്തതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് വാങ്ങാൻ ഉദ്ദേശിച്ച സ്പെസിഫിക്കേഷൻ IGA Tech എന്ന സ്ഥാപനം മാത്രമാണ് സമർപ്പിച്ചതെന്നും അതുകൊണ്ടാണ് ഈ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതെന്നും മറുപടി ലഭ്യമാക്കി. പത്രപ്പരസ്യം നൽകിയതിലോ ടെണ്ടർ ഷെഡ്യൂളിലോ ആവശ്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിക്കാണുന്നില്ല. ടെണ്ടർ ക്ഷണിക്കുമ്പോൾ തന്നെ പൂർണ്ണമായ സ്പെസിഫിക്കേഷൻ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ബി) പ്രൊജക്ടർ വാങ്ങൽ

പ്രൊജക്ടർ വാങ്ങുന്നതിനായി 1.3.16 തീയതിയിൽ ടെണ്ടർ പരസ്യം നൽകിയിട്ടുണ്ട്. ആകെ 3 സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് പ്രൊജക്ടർ വാങ്ങിയിട്ടുള്ളത്. ടെണ്ടർ പരസ്യത്തിൽ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ 29500 രൂപ മുതൽ നിരക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്.

മേൽപറഞ്ഞ രണ്ട് പർച്ചേസുകളിലും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളുടെ നിരക്ക് അംഗീകരിക്കാതെ ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 15/10.7.17) ഗ്രാമപഞ്ചായത്ത് വാങ്ങാൻ ഉദ്ദേശിച്ച സ്പെസിഫിക്കേഷനിലുള്ള സാധനങ്ങൾ പർച്ചേസിംഗ് നടത്തിയ സ്ഥാപനങ്ങൾ മാത്രമാണ് ടെണ്ടർ സമർപ്പിച്ചതെന്നും അതുകൊണ്ടാണ് ഈ സ്ഥാപനങ്ങളുടെ ടെണ്ടർ അംഗീകരിച്ചതെന്നും മറുപടി ലഭ്യമാക്കി. പത്രപ്പരസ്യം നൽകിയതിലോ ടെണ്ടർ ഷെഡ്യൂളിലോ ആവശ്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിക്കാണുന്നില്ല. ടെണ്ടർ ക്ഷണിക്കുമ്പോൾ തന്നെ സ്പെസിഫിക്കേഷൻ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 തെരുവു വിളക്ക് പർച്ചേസ്- കുറഞ്ഞ ടെണ്ടർ അംഗീകരിക്കാതെ ഉയർന്നനിരക്കിൽ വാങ്ങി

നിർവ്വഹണം – സെക്രട്ടറി

ഫണ്ട് – വികസന ഫണ്ട് (എസ്.സി.പി)

പ്രൊജക്ട് നം.7/17 പ്രകാരം ഓട്ടോമാറ്റിക് ലൈറ്റ് വാങ്ങുന്നതിന് 350000 രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ബിൽ നം. 28/30.3.17 പ്രകാരം 347430 രൂപ തെരുവ് വിളക്കുകൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

വാങ്ങൽ നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ച് കൊണ്ട് പത്രപ്പരസ്യം നൽകിയതിൽ ഉപകരണത്തിന്റെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല. 8.2.17 തീയതിയിലെ ടെണ്ടറിൽ 3 സ്ഥാപനങ്ങളാണ് പങ്കെടുത്തിട്ടുള്ളത്. ആയതിൽ ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ് എന്ന സ്ഥാപനം ലൈറ്റ് ഒന്നിന് 2090 രൂപ നിരക്കിലാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ആയത് പരിഗണിക്കാതെ KSIE എന്ന സ്ഥാപനത്തിൽനിന്നും 3130 രൂപ നിരക്കിൽ 111എൽ ഇ ഡി ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്.

ഉയർന്ന നിരക്കിൽ വാങ്ങിയതിന് എൻക്വയറി നം. 15/10.7.17 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് ഉഷ ഇലക്ട്രോണിക്സിന്റെ വൈദ്യുത വിളക്കുകൾ സ്ഥാപിച്ച ഗ്രാമപഞ്ചായത്തുകൾക്ക് വ്യാപകമായി പരാതിയുള്ളതിനാലും KSIE സമർപ്പിച്ചത് Havells എന്ന ബ്രാൻഡഡ് ഉത്പന്നമായതിനാലുമാണ് ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഒഴിവാക്കിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ് എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ളത് OSRAM എന്ന കമ്പനിയുടെ ഉൽപന്നമാണ്. മറുപടിയിൽ പരാമർശിച്ചിട്ടുള്ള മറ്റ് ഗ്രാമപഞ്ചായത്തുകളുടെ അഭിപ്രായം ലഭ്യമാക്കിയത് സംബന്ധിച്ചുള്ള രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഉൽപന്നങ്ങളുടെ ബ്രാൻഡ്നെയിം ക്വാട്ട് ചെയ്യാൻ പാടില്ലെന്ന് ജി.ഒ (പി) 259/2010 തസ്വഭവ തീയതി 8.11.2010 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചതിനുശേഷം കുറഞ്ഞ ടെണ്ടർ ഒഴിവാക്കിയതുമൂലം 115440 രൂപ (1040 x 111=115440) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

ടെണ്ടർ അംഗീകരിച്ച ഭരണസമിതിയുടെ തീരുമാനത്തിൽ (തീരുമാനം നം. III(2) പേജ് നം.194) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ ടെണ്ടർ അംഗീകരിച്ചു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പർച്ചേസ് കമ്മറ്റിയുടെ മിനട്സിലും ഇക്കാര്യം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുറഞ്ഞ ടെണ്ടർ നിരസിക്കുന്നതിന് വ്യക്തമായ കാരണങ്ങളൊന്നും ഇല്ലാത്തതിനാൽ അധികമായി ചെലവ് വന്ന 115440 രൂപ നിരാകരിക്കുന്നു.

വൈദ്യുത വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ എസ് ഇബിയിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി -യിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-3 കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ്- അവലോകനം

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന 6 കുടിവെള്ള പദ്ധതികളിലായി ആകെ 973 ഗാർഹിക കണക്ഷനുകളാണുള്ളത്. ഗാർഹിക കണക്ഷനുകൾക്ക് 40 രൂപയും ഗാർഹികേതര കണക്ഷനുകൾക്ക് 150 രൂപയുമാണ് വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഈടാക്കുന്നത്. ഓരോ പദ്ധതിക്കു കീഴിലും യഥാർത്ഥത്തിലുള്ള കണക്ഷനുകളുടെ എണ്ണം, ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക എന്നിവ രേഖപ്പെടുത്തി ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഗാർഹികേതര കണക്ഷനുകൾ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് നിർമിച്ച് ഗുണഭോക്തൃകമ്മിറ്റിക്ക് കൈമാറിയ 51 കുടിവെള്ള പദ്ധതികൾ കൂടിയുണ്ട്.

വാർഷിക കണക്കുകൾ പ്രകാരം 2016-17 വർഷത്തെ വെള്ളക്കരം ഡിമാന്റ് ലക്ഷ്യം 372270 രൂപയാണ്. തൻവർഷ വരവ് 252198 രൂപയും കുടിശ്ശിക വരവ് 195800 രൂപയുമാണ്. കുടിശ്ശികയായി 522313 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വൈദ്യുതി ചാർജ്, വേതനം, റിപ്പയർ ചാർജ്ജ് ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് വൻ ചെലവ് വരുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 575093 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 328500 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | 464793 |
| ആകെ | 1368386 |

ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികൾ കൂടാതെ വാട്ടർ അതോറിറ്റിയുടെ 33 പൊതുടാപ്പുകളും നിലവിലുണ്ട്. ടാപ്പൊന്നിന് 5250 രൂപ പ്രകാരം ഈയിനത്തിൽ അവയ്ക്കായി 2016-17വർഷത്തിൽ 173250/- രൂപ വെള്ളക്കരം അടവാക്കിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

ഓരോ കുടിവെള്ളപദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക ഈടാക്കേണ്ടതാണ്.

വെള്ളക്കരമായി ഈടാക്കുന്ന തുക നാമമാത്രമായതിനാൽ ആയത് കാലഘട്ടത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനും അധികബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി സംയുക്ത പരിശോധന നടത്തേണ്ടതും ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

സർക്കാർ ഉത്തരവ് (സാ) 1275 /2009 / ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃസമിതി രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയതും ഗ്രാമ പഞ്ചായത്ത് നേരിട്ടു നടത്തുന്നതുമായ കുടിവെള്ള പദ്ധതികളുടെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-4 <u>എസ് സി വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു</u>

നിർവഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം. – 295/17

അടങ്കൽ- 1118000 (എസ്.സി.പി)

എസ് സി വിഭാഗത്തിൽപ്പെട്ട 60 വയസു കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 172 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പ്ലാസ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും 3195 രൂപ നിരക്കിൽ 301 കട്ടിലുകളാണ് വാങ്ങിയിട്ടുള്ളത്. ഇതിനായി ട്രഷറി ബിൽ നം. 10/30.3.17 പ്രകാരം 961695 രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) പ്രൊജക്ടിൽ 172 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പ്രൊജക്ടിനു വിരുദ്ധമായി കട്ടിലിന്റെ യൂണിറ്റ് കോസ്റ്റ് കുറയ്ക്കുകയും കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുകയും ചെയ്തു. എന്നാൽ പദ്ധതിക്ക് പുതുക്കിയ അംഗീകാരം ലഭ്യമാക്കിയിട്ടില്ല

ബി) റേഷൻ കാർഡ് പ്രകാരം 60 വയസ് പ്രായമാകാത്ത നിരവധി പേർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചേർക്കുന്നു.

ലക്ഷ്മി വേലൻ, കുറ്റിയംപാക്ക്, തേനാരി -58 വയസ്

കമലം ദേവൻ, കള്ളാംതോട്, രാമശ്ശേരി-52 വയസ്

വാസു, കുളിയോട്, എലപ്പുള്ളി-56 വയസ്

സി) കട്ടിലുകൾ വിതരണം ചെയ്തതിന്റെ രസീതികൾ പരിശോധിച്ചതിൽ വാങ്ങിയ 301 കട്ടിലുകളിൽ എട്ടെണ്ണം വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു. വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള കട്ടിലുകളുടെ ഫോട്ടോ ചേർക്കുന്നു.



വിതരണം ചെയ്യാത്ത കട്ടിലുകളുടെ വിലയായ 25560 രൂപ (3195*8) തടസപ്പെടുത്തുന്നു.

അർഹത പരിശോധിക്കാതെ ആനുകൂല്യം നൽകിയതിനും കട്ടിലുകൾ വിതരണം ചെയ്യാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/10.7.17) ബാക്കിയുള്ള കട്ടിലുകൾ ഉടനെ വിതരണം ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന കട്ടിലുകൾ അർഹരായ ഗുണഭോക്താക്കൾക്ക് നൽകി അർഹതാ രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-5 വീട് നിർമാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല

എ) പ്രൊജക്ട് നം. – 92/17 (എസ് സി പി)

അടങ്കൽ-1800000

ചെലവ്- 20000

എസ് സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വീട് നിർമാണത്തിനായി വികസനഫണ്ടിൽ നിന്നും ബിൽ നം.11/30.3.17 പ്രകാരം 20000 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം 2016-17 വർഷത്തിൽ 1 ഗുണഭോക്താവ് മാത്രമാണ് പണി ആരംഭിച്ച് തുക കൈപ്പറ്റിയിട്ടുള്ളത്. ആദ്യ ഗഡു കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താവ് വീട് നിർമാണ പ്രവർത്തികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | കൈപ്പറ്റുവാൻ ബാക്കി |
|---|---|---|
| പാർവതി, ചെറോട്ടുവെളി, വേങ്ങോടി | 20000 | 181000 |

ഭവന നിർമാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പാലുല്പാദനത്തിൽ ഇൻസെന്റീവ് - ക്ഷീര സംഘങ്ങളുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്

പ്രൊജക്ട് നം. – SO276/16-17 പാലുല്പാദനത്തിന് ഇൻസെന്റീവ്
അടങ്കൽ – 1300000 (വികസന ഫണ്ട് – 700000ഉം ബ്ലോക്ക് ഷെയർ – 600000ഉം)
ചെലവ് – 600000
നിർവ്വഹണ ഉദ്യോഗസ്ഥൻ – ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രൊജക്ട് നം. – SO-276/16-17, പാലുല്പാദനത്തിന് ഇൻസെന്റീവ് എന്ന പദ്ധതിയുടെ നടത്തിപ്പിനായി വികസന ഫണ്ടിൽ നിന്നും 13,00,000 രൂപയും, ബ്ലോക്ക് ഷെയർ 6,00,000 രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. വികസന ഫണ്ടിൽ നിന്നുള്ള വിഹിതം 2016-17 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. ബ്ലോക്ക് ഷെയർ 600000 രൂപ ലഭ്യമായത് കർഷകർക്ക് വിതരണം ചെയ്യാതെ 12 ക്ഷീര സംഘങ്ങളുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വിശദ വിവരം താഴെ പറയുന്നു.

| ക്രമ നം. | ക്ഷീരസംഘങ്ങളുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | നെയ്യല വനിതാ ക്ഷീര സംഘം | 76856 |
| 2 | എലപ്പുള്ളി ക്ഷീര സംഘം | 105666 |
| 3 | രാമശ്ശേരി ക്ഷീര സംഘം | 17087 |
| 4 | കുളിയോട് ക്ഷീര സംഘം | 71302 |
| 5 | ചേറുംകാട് ക്ഷീര സംഘം | 18192 |
| 6 | വെന്തപാളയം ക്ഷീര സംഘം | 49158 |
| 7 | എണ്ണപ്പാടം ക്ഷീര സംഘം | 80290 |
| 8 | എടുപ്പുകുളം ക്ഷീര സംഘം | 68150 |
| 9 | തേനാരി ക്ഷീര സംഘം | 51803 |
| 10 | കുട്ടിൽപാറ ക്ഷീര സംഘം | 56377 |
| 11 | കൊററമംഗലം ക്ഷീര സംഘം | 2107 |
| 12 | ഒല്വവൻപൊററ ക്ഷീര സംഘം | 3012 |
| | ആകെ | 600000 |

ഗ്രാമ പഞ്ചായത്ത് വിഹിതം ലഭ്യമാകാത്തതിനാൽ കർഷകർക്ക് സംയുക്ത പദ്ധതിയിൽ പരാമർശിച്ചിട്ടുള്ളതുപോലെ തുക നൽകുന്നതിന് സാധ്യമായില്ല എന്നും ടി പദ്ധതിക്ക് 2017-18ൽ സ്പിൽ ഓവറായി അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നും ബില്ല് ട്രഷറിയിൽ സമർപ്പിക്കുന്നമുറയ്ക്ക് കർഷകരുടെ അക്കൗണ്ടിലേക്ക് തുക നൽകുന്നതാണ് എന്നും ഡയറി ഫാം ഇൻസ്ട്രക്ടർ എൻക്വയറിക്ക (നമ്പർ 8 തീയതി 10.07017) മറുപടി നൽകിയിട്ടുണ്ട്. ക്ഷീര സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന തുകകൾ കർഷകർക്ക് വിതരണം ചെയ്യുന്നതു വരെ ചെലവഴിച്ച 600000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ആയുർവേദ ഡിസ്പെൻസറിയിലേക്കു മരുന്നു വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല

പ്രോജക്ട് നമ്പർ SO294/17, ആയുർവേദ ആശുപത്രിയിലേക്കു മരുന്നു വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് ബിൽ നമ്പർ 1/16-17 തീയതി 21.02.17 പ്രകാരം 200000 രൂപ പിൻവലിച്ച് മാനേജിംഗ് ഡയറക്ടർ, ഔഷധിയുടെ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ - 5913005900000015) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 84001 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 115999 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനായി ഔഷധിയുമായി ബന്ധപ്പെട്ടപ്പോൾ വൈകാതെ ലഭ്യമാക്കാമെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ട് എന്ന് എൻക്വയറിക്ക (നമ്പർ- 9, തീയതി 10.07.17 ) മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 നിർവ്വഹണ ഉദ്യോഗസ്ഥർ നിശ്ചിതമാതൃകയിലുള്ള ക്യാഷ്ബുക്ക് ഉപയോഗിക്കുന്നില്ല.

2016 - 2017 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നീ ഉദ്യോഗസ്ഥർ T.R.7A ക്യാഷ്ബുക്ക് ഉപയോഗിച്ചിട്ടില്ല. പ്രധാന അദ്ധ്യാപിക ക്യാഷ് ബുക്ക് ഉപയോഗിക്കുന്നുണ്ടെങ്കിലും 2016-17ലെ വരവുചെലവുവിവരം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ജി.ഒ.(പി) നമ്പർ 119/ 2015 ധനം തീയതി 21.03.15 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ T.R.7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവു ചെലവു വിവരം രേഖപ്പെടുത്തണം എന്നു നിഷ്കർഷിക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഇത്തരം അപാകത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 കന്നുകുട്ടി പരിപാലനം പദ്ധതി - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

ബിൽ നമ്പർ - 2/16-17 തീയതി - 27.03.17, തുക - 937500

അടങ്കൽ - 3750000 (937500 വികസന ഫണ്ടും + 1875000 മറ്റുള്ളവ)

ചെലവ് - 937500

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ SO174 / 17, കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഗ്രാമപഞ്ചായത്ത് വിഹിതം 937500 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ, അസിസ്റ്റന്റ് ഡയറക്ടർ CFSP, പാലക്കാടിന്റെ TSB അക്കൗണ്ടിലേക്കു (അക്കൗണ്ട് നമ്പർ - STSB714021400000008) ട്രാൻസ്ഫർ ചെയ്തു കൊടുത്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 3-10 മഹാത്മാ ഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - വേതന കുടിശ്ശിക നിലനിൽക്കുന്നു

2016-2017 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 2016-2017 കാലയളവിൽ പൂർത്തീകരിച്ച 66 പ്രവൃത്തികളുടെ വേതനം നൽകേണ്ടയിനത്തിൽ ആകെ 1035 തൊഴിലാളികൾക്കായി 12617811 രൂപ കുടിശ്ശികയായി നിലനിൽക്കുന്നു. തൊഴിലുറപ്പ് പദ്ധതി ആക്ട് സെക്ഷൻ 3 (3), തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 06.02.15.ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14,തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർ റോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ വേതന കുടിശ്ശിക കൊടുത്തു തീർക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-11 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി - ചെലവുരേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് നമ്പർ - S098/16-17, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി

ആകെ അടങ്കൽ - 600000

ചെലവ് -317620

ബിൽ നമ്പർ - 1/16-17 തീയതി 27.10.16 - 119720

ബിൽ നമ്പർ - 2/16-17 തീയതി 13.12.16 - 26080

ബിൽ നമ്പർ - 3/16-17 തീയതി 29.12.16 - 22910

ബിൽ നമ്പർ - 4/16-17 തീയതി 30.13.17- 50110

ബിൽ നമ്പർ - 5/16-17 തീയതി 30.13.17- 23600

ബിൽ നമ്പർ - 7/16-17 തീയതി 30.03.17- 75200

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പിഎച്ച്.സി.

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ബിൽ നമ്പർ 1/16-17 തീയതി 27.10.16 പ്രകാരം 119720 രൂപ, ബിൽ നമ്പർ 2/16-17 തീയതി 13.12.16 പ്രകാരം 26080 രൂപ, എന്നീ ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകളുടെ ചെലവു രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ പെർഫോർമൻസ് ഓഡിറ്റിന് പരിശോധനക്കയച്ചതിനു ശേഷം ഫയലുകൾ തിരികെ ലഭ്യമായില്ല എന്നും ആയതിന്റെ ഒറിജിനൽ ജില്ലാ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും ആയത് ഏ.ജി. ഓഫീസിൽ പരിശോധനക്കയച്ചിട്ടുണ്ടെന്നും തിരികെ ട്രഷറിയിൽ എത്തുന്ന മുറക്ക് പകർപ്പ് പരിശോധനക്കായി ലഭ്യമാക്കാമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 4 തീയതി 5.7.17. ) മറുപടി നൽകിയിട്ടുണ്ട്. ചെലവു രേഖകൾ ഹാജരാക്കുന്നതുവരെ 145800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം - ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല

2016-17 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളിലെ പോഷകാഹാര വിതരണവുമായി ബന്ധപ്പെട്ട് നൽകിയ ഭക്ഷ്യമിശ്രിതം പരിശോധനക്കയച്ചതിന്റെ ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല. ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്. ബി.3-312/2010 തിയ്യതി 5.6.10, 1.2.10 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. ലാബ് റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ- 1 തീയതി 4/.7.17) മറുപടി നൽകിയിട്ടുണ്ട്.
റിപ്പോർട്ട് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 ഒ.ഡി.എഫ് - അപാകതകൾ

പ്രോജക്ട് നമ്പർ SOO77-17 - വ്യക്തിഗത ഗാർഹീക ശൗചാലയം നിർമ്മാണം (ഒ.ഡി.എഫ് )
ആകെ അടങ്കൽ -4958800 (വികസന ഫണ്ട്)
ചെലവ് -4958800
ബിൽ നമ്പർ - 5/16-17 തീയതി - 29.10.16 - 1540000
ബിൽനമ്പർ - 6/16-17 തീയതി - 28.12.16 - 1540000
ബിൽനമ്പർ - 10/16-17 തീയതി - 27.03.17 -1878800

SOO78-17 - വ്യക്തിഗത ഗാർഹീക ശൗചാലയം നിർമ്മാണം (ഒ.ഡി.എഫ് )

ആകെ അടങ്കൽ -4774000
ചെലവ് -4774000
ബിൽ നമ്പർ - 1/16-17 തീയതി - 23.08.16 - 770000
ബിൽ നമ്പർ - 2/16-17 തീയതി - 3.9.16 - 770000
ബിൽ നമ്പർ - 3/16-17 തീയതി - 20.9.16 -1540000
ബിൽ നമ്പർ - 4/16-17 തീയതി - 29.9.16 - 1694000
നിർവ്വഹണ ഉദ്യോഗസ്ഥൻ - വി. ഇ. ഒ.

പ്രോജക്ട് നമ്പർ SOO77-17 - വ്യക്തിഗത ഗാർഹീക ശൗചാലയം നിർമ്മാണം (ഒ.ഡി.എഫ് ), പ്രോജക്ട് നമ്പർ SOO78-17 - വ്യക്തിഗത ഗാർഹീക ശൗചാലയം നിർമ്മാണം (ഒ.ഡി.എഫ്), എന്നീ പദ്ധതികളുടെ നിർവ്വഹണത്തിനായി വികസന ഫണ്ടിൽ നിന്നും മേൽ ബില്ലുകൾ വഴി 9732800 രൂപ പിൻവലിച്ചതിൽ ഈയാവശ്യത്തിനായി 8670200/- രൂപ ചെലവഴിച്ച ശേഷം 1062600/- രൂപ നീക്കിയിരിപ്പുണ്ട്.

കേന്ദ്രഫണ്ട് ലഭ്യമായതിന്റെ വിവരം.

| | | | |
|---|---|---|---|
| കേന്ദ്രഫണ്ട് | 5688000 | ചെക്ക് നമ്പർ- 122631 തിയതി 27.12.16<br>ചെക്ക് നമ്പർ- 111502 തീയതി 17.3.17 | ലഭ്യമായ തുക SBI എലപ്പുള്ളി ശാഖയുടെ 36253958060 എന്ന നമ്പറിലുള്ള തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |

സർക്കാർ ഉത്തരവ് (സാധാ) നം. 2235/16/തസ്വഭവ തീയതി 25.7.16 പ്രകാരം ഒ.ഡി.എഫ്. പദ്ധതിയുടെ കേന്ദ്രവിഹിതം പദ്ധതി നടപ്പിലായതിനുശേഷം ലഭ്യമായാൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

ആകെ 632 ഗുണഭോക്താക്കൾ ഒ.ഡി.എഫുമായി ബന്ധപ്പെട്ട് കരാറിലേർപ്പെട്ടിട്ടുണ്ട്. 546 ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 52 ഗുണഭോക്താക്കൾ കക്കൂസ്

നിർമ്മാണം ആരംഭിച്ചിട്ടില്ല. 34 ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റി കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പൂർത്തികരിച്ചിട്ടില്ലാത്ത വ്യക്തികളുടെ വിശദവിവരങ്ങൾ താഴെ പറയുന്നു.

| പേര് , അഡ്രസ്സ് | കൈപ്പറ്റിയ തുക | ബാലൻസ് |
|---|---|---|
| ശിവദാസ്, s/o വേലായുധൻ , കൊല്ലപ്പള്ളം | 7700 | 7700 |
| രമേഷ്, s/o രാജൻ , തെക്കുംപുറം | 7700 | 7700 |
| പഴനി s/o വെള്ള, കൊല്ലംപള്ളം | 7700 | 7700 |
| സതിപ്പ, s/o മണി, പവഴതാണിക്കളം | 7700 | 7700 |
| അമ്മുക്കുട്ടി, w/o വെള്ളപ്പൻ , എലിയപ്പാടം | 7700 | 7700 |
| ബാലമുരുകൻ, s/o മാണിക്യൻ | 7700 | 7700 |
| സുരേഷ്, s/o മുത്തു ചെറോട്ടുപള്ളി | 7700 | 7700 |
| ശിവദാസ്, s/o കുപ്പൻ , നോമ്പിക്കോട് | 7700 | 7700 |
| കമലം, w/o രാജൻ , നോമ്പിക്കോട്. | 7700 | 7700 |
| സുലോചന, w/o വേലുച്ചാമി, എട്ടുപ്പക്കളം | 7700 | 7700 |
| പരമേശ്വരൻ, s/o നാരായണൻ, മേലേപോക്കാൻതോട് | 7700 | 7700 |
| അപ്പുക്കുട്ടി, s/o കേശു, മേലേപോക്കാൻതോട് | 7700 | 7700 |
| സിലോമണി, w/o ചന്ദ്രൻ, മേലേപോക്കാൻതോട് | 7700 | 7700 |
| അന്നമണി, w/o പ്രഭാകരൻ, കൗസപ്പാറ | 7700 | 7700 |
| മണി, w/o മുത്തുച്ചാമി, ഉളുവക്കാട് | 7700 | 7700 |
| മോഹൻരാജ്, s/o പരമശിവൻപിള്ള, നെയ്യല | 7700 | 7700 |
| ഷെമീർ, s/o കാസിംകുട്ടി, നെയ്യല, പാറക്കളം | 7700 | 7700 |
| കാഞ്ചന , w/o സുരേഷ്, ചെട്ടിക്കളം | 7700 | 7700 |
| കുഞ്ചി,w/o വേലായുധൻ, കുറ്റിയംപറമ്പ് | 7700 | 7700 |
| വസന്ത, w/o രാജൻ, കുറ്റിയംപറമ്പ് | 7700 | 7700 |
| സെലില, w/o ഷൗക്കത്തലി, പാരക്കളം | 7700 | 7700 |
| ചെല്ലമ്മ, w/o കറുപ്പസ്വാമി, ജംഗലത്തറ | 7700 | 7700 |
| ഷൺമുഖൻ, s/o കറുപ്പസ്വാമി, മുതലി | 7700 | 7700 |
| മണി s/o കുട്ടപ്പൻ, ഒകരംപള്ള | 7700 | 7700 |
| ജയന്തി, d/o അപ്പുണ്ണി, തറക്കളം . | 7700 | 7700 |
| ശോഭന, w/o ഷൺമുഖൻ, കളരിക്കൽ ഹൗസ് | 7700 | 7700 |
| ശേഖരൻ, s/o മാരിമുത്തു, ചേരുംകാട്. | 7700 | 7700 |
| ആറുമുഖൻ, s/o കറുപ്പസ്വാമി, ജംഗത്തറ | 7700 | 7700 |
| നളിനി, w/o ശശിധരൻ, മേച്ചേരി ഹൗസ് | 7700 | 7700 |
| ഭുവനേശ്വരി, w/o സുബ്രമണ്യൻ, നൊച്ചിക്കാട് | 7700 | 7700 |
| വിജയലക്ഷ്മി, w/o മണിയൻ, ഉളുവക്കാട്. | 7700 | 7700 |
| ദേവു, w/o മുത്തു, കപടത്തക്കളം | 7700 | 7700 |

ഈ ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തികരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ജലഭ്യതക്കുറവു കൊണ്ടും സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടും നിർമ്മാണം ആരംഭിക്കാത്ത 52 ഗുണഭോക്താക്കൾക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ എൻക്വയറിക്കു (നമ്പർ-11 തീയതി 10.07.17) മറുപടി നൽകിയിട്ടുണ്ട്. നിർമ്മാണ

പ്രവൃത്തികൾ പൂർത്തീകരിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല

പ്രോജക്ട് നമ്പർ SO105-17 ഹോമിയോ ആശുപത്രിയിലേക്ക മരുന്ന വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് ബിൽ നമ്പർ 1/ 16-17 തീയതി 13.01.17 പ്രകാരം 100000 രൂപ പിൻവലിച്ച് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ ഓപ്പ്റേറ്റീവ് ഫാർമസി ലിമിറ്റഡിന് ഡി.ഡി നമ്പർ 445701 തീയതി 18.01.17 പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ പ്രോജക്ട് നമ്പർ SO106-17 എസ്.സി.പി തേനാരി ഹോമിയോ ഹെൽത്ത് സെന്ററിന് മരുന്ന വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് ബിൽ നമ്പർ 2/ 16-17 തീയതി 13.01.17 പ്രകാരം 100000 രൂപ പിൻവലിച്ച് ഡി.ഡി നമ്പർ 445702 തീയതി 18.01.17 പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ ഓപ്പ്റേറ്റീവ് ഫാർമസി ലിമിറ്റഡിന് അയച്ചു കൊടുത്തിട്ടുണ്ട്. നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. 125/2017 GHDE തീയതി 02.05.17 പ്രകാരം ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ടെന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന സ്വീകരിക്കുന്നതാണെന്നും എൻക്വയറിക്ക (നമ്പർ- 10 തീയതി - 10.07.17 ) മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി രോഗികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-15 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ (പി) നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 40/17, 251/16 – ഊറപ്പാടം ഈന്ദ്രക്കോട് റോഡ് കോൺക്രീറ്റ്<br>അടങ്കൽ - 400000/-<br>പി.എ.സി. –398245/-<br>കരാറുകാരൻ - ശ്രീ.കുട്ടൻ, എരട്ടക്കുളം<br>എം.ബുക്ക് നം. - 128/15<br>ബിൽ നം. 11/29.9.16 | 7.6.16 | 28.6.16 | 7.7.16<br>നം.49/AE /LSGD/ ELPY/16-17 | 3982 |
| 2 | 82/17,111/15-പേട്ട-കമ്മാന്തറ അങ്കണവാടി നിർമ്മാണം<br>അടങ്കൽ - ₹.930000/-<br>പി.എ.സി. - ₹.923845/-<br>കരാറുകാരൻ - ശ്രീ.കൃഷ്ണകുമാർ<br>എം.ബുക്ക് നം. - 157/15,28/17<br>ബിൽ നം. 16/29.9.16,<br>28/30.10.16<br>പ്രവർത്തി കരാറുകാരന്റെ അപേക്ഷ പ്രകാരം ഫൈൻ ഇല്ലാതെ പൂർത്തീകരിച്ചത് 21.10.16നാണ് | 25.3.15 | 15.4.15 | 6.10.15<br>നം. 120 | 9238 |
| 3 | 13 -ശിവൻ കോവിൽ എലപ്പുള്ളി വാണിയത്തറ റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ - ₹. 619000/-<br>പി.എ.സി. ₹. 584559/-<br>കരാറുകാരൻ - ശ്രീ. സുന്ദരൻ, എലപ്പുള്ളി<br>എം.ബുക്ക് നം. - 150/15<br>ബിൽ നം. 29/30.10.16 | 25.7.16 | 15.8.16 | 7.9.16<br>നം. 63 | 5845 |
| 4 | 70– GLPS എലപ്പുള്ളിക്ക് പാചകപ്പുര<br>അടങ്കൽ - 300000/-<br>പി.എ.സി. - ₹. 299516/-<br>കരാറുകാരൻ - ശ്രീ.കുട്ടൻ<br>എം.ബുക്ക് നം. - 230/15,139/15<br>ബിൽ നം. 32/31.12.16 | 24.5.16<br>സെലക്ഷൻ നോട്ടീസ് - 10.6.16 | 24.6.16 | 7.7.16<br>നം.48 | 2995 |

| | | | | | |
|---|---|---|---|---|---|
| 5 | 61– മുണ്ടുനീർക്കാട് കുടിവെള്ള പദ്ധതി<br>അടങ്കൽ - 750000/-<br>പി.എ.സി. - ₹.747847/-<br>കരാറുകാരൻ - ശ്രീ.ഷഫീക്ക്.എൻ.എം., പുതുപ്പരിയാരം<br>എം.ബുക്ക് നം. - 218/16-17<br>ബിൽ നം. 105/31.3.17 | 25.7.16 | 15.8.16 | 9.9.16<br>നം. 64 | 7478 |
| 6 | 86– മായങ്കോട് മിനി കുടിവെള്ള പദ്ധതി<br>അടങ്കൽ - 300000/-<br>കരാറുകാരൻ - ശ്രീ.ഷഫീക്ക്.എൻ.എം.,<br>എം.ബുക്ക് നം. - 191/15<br>ബിൽ നം. 70/4.3.17 | 10.9.15 | 1.10.15 | 18.11.15<br>നം.11 | 3000 |
| | | | | ആകെ | 32538 |

ഈടാക്കുവാൻ വിട്ടുപോയ പിഴ ₹. 32538/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/10.7.17ന് ബന്ധപ്പെട്ട കരാറുകാരിൽ നിന്നും പിഴ ഈടാക്കി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-16 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ്

2016-17 വർഷത്തിൽ 5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ഈ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പനനികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | 17/17-മടച്ചിപ്പാടം-നെല്ലിക്കാംപുള്ളി റോഡ് മെറ്റലിംഗ് | 1050000 | 2 | 4500 | 225 | 15.7.16 |
| 2 | 13/17-ശിവൻകോവിൽ എലപ്പുള്ളി വാണിയത്തറ റോഡ് കോൺക്രീറ്റിംഗ് | 619000 | 3 | 3900 | 195 | 15.7.16 |
| 3 | 34/17- | 634000 | 2 | 2700 | 135 | 15.7.16 |

| | | | | | | |
|---|---|---|---|---|---|---|
| | മണിയഞ്ചേരി-കാരാംകോട് റീ ടാറിംഗ് | | | | | |
| 4 | 58/17-പാലച്ചിറ ചോഴിയംപാക്ക് റോഡ് മെറ്റലിംഗ് & ടാറിംഗ് | 1000000 | 2 | 4200 | 210 | 15.7.16 |
| 5 | 61/17-മുണ്ടുനീർക്കാട് കുടിവെള്ള പദ്ധതി | 750000 | 2 | 3000 | 150 | 15.7.16 |
| 6 | 46/17-വേങ്ങോടി ഒമയംപള്ളം റോഡ് റീടാറിംഗ് | 1000000 | 2 | 2100 | 210 | 15.7.16 |
| 7 | 52/17-കുന്നംപാറ റിംഗ് റോഡ് മെറ്റലിംഗ് & ടാറിംഗ് | 615000 | 2 | 2600 | 130 | 15.7.16 |
| 8 | 16/17-കുന്നംപാറ പമ്പ്ഹൗസ് റോഡ് മെറ്റലിംഗ് & ടാറിംഗ് | 657000 | 2 | 2900 | 145 | 15.7.16 |
| 9 | 42/17-ഉളുവക്കാട് റോഡ് മെറ്റലിംഗ് & ടാറിംഗ് | 640000 | 2 | 2700 | 135 | 15.7.16 |
| 10 | 44/17-കള്ളാന്തോട് റിംഗ് റോഡ് കോൺക്രീറ്റിംഗ് | 800000 | 2 | 3200 | 160 | 15.7.16 |
| 11 | 45/17-രാമശ്ശേരി റോഡ് ടാറിംഗ് | 1000000 | 2 | 4200 | 210 | 15.7.16 |
| | | | ആകെ | 36000 | 1905 | |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട 36000 രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി തനത്ഫണ്ടിൽ ഒടുക്കേണ്ടതാണ്. വാറ്റ് തുക വില്പനനികുതി ഓഫീസിൽ ഒടുക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/10.7.17ന് തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-17 കുടിവെള്ള പദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കൽ - പഴയ മോട്ടോറുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചില്ല

2016-17 സാമ്പത്തിക വർഷത്തിൽ കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണിയുടെ ഭാഗമായി മോട്ടോർ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോർ പഞ്ചായത്തിൽ തിരികെ ഏല്പിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1. പ്രവൃത്തിയുടെ പേര് : ചെറുനെല്ലി കുടിവെള്ള പദ്ധതിക്ക് 7.5 HP മോട്ടോർ

പ്രൊജക്റ്റ് നം : 23/17

അടങ്കൽ : 144000

ചെലവ് : ₹.136600/-

ബിൽ നം : 5/12.7.16

കരാറുകാരൻ : ശ്രീ.വിനോദ്കുമാർ

എം.ബുക്ക് നം.: 5/16-17

കള്ളിയേലമ്പാറ ഭാഗത്ത് കുടിവെള്ള പദ്ധതിക്ക് നിലവിലുള്ള 5HP മോട്ടോർ കൊണ്ട് കൂടുതൽ പ്രദേശത്തേക്ക് കുടിവെള്ളം എത്തിക്കുവാൻ കഴിയാത്തതിനാൽ 7.5HP മോട്ടോർ മാറ്റി സ്ഥാപിച്ചു.

2. പ്രവൃത്തിയുടെ പേര് : ഊറപാടം കുടിവെള്ള പദ്ധതി

പ്രൊജക്റ്റ് നം : 63/17

അടങ്കൽ : ₹.335000

ചെലവ് : ₹. 278372/-

ബിൽ നം : 102/31.3.17

കരാറുകാരൻ : ശ്രീ.ഷഫീക്ക്

എം.ബുക്ക് നം.: 213/17

നിലവിൽ പമ്പ് ചെയ്യുന്ന അത്രയും വെള്ളം ആവശ്യമില്ലാത്തതിനാലും കറന്റ് ചാർജ് കൂടുന്നതിനാലും 20HP മോട്ടോർ മാറ്റി 10HP മോട്ടോർ മാറ്റി സ്ഥാപിച്ചു.

എന്നാൽ പഴയ മോട്ടോറുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചിട്ടില്ല. ഇതു സംബന്ധിച്ചുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/10.7.17) പഴയ മോട്ടോറുകൾ തിരികെ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മോട്ടോർ ലഭ്യമാക്കി മറ്റു കുടിവെള്ള പദ്ധതികൾക്കു വേണ്ടി പ്രയോജനപ്പെടുത്തേണ്ടതാണ്. ഉപയോഗയോഗ്യമല്ലെങ്കിൽ അവ വില്പന നടത്തി തുക മുതൽക്കൂട്ടേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 600000 | പാലുല്പാദന ബോണസ് | 600000 | --- |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | പെയിൻ & പാലിയേറ്റീവ് കെയർ | ---- | 200000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിന് തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | G.O.(MS)207/09 /LSGD/24.3.12 | 11970000 | 2788762 | 589699 | ---- | 2199063 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10964925 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 10964925 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ----- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10964925 (Interest-1698568) |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| Elappully Co-Op. Bank, Elappully No.54237/7.10.16 | 10964925 |
| ആകെ | 10964925 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2015-16 | 3.7.14 | പദ്ധതി നടത്തിപ്പ് സംബന്ധിച്ച് | സമിതിയുടെ പരിഗണനയിൽ |
| 2015-16 | 4.1.9 | സാംഖ്യ അക്കൗണ്ടിംഗ് സംബന്ധിച്ച് | -ടി- |
| 2015-16 | 5.2.1(ജി) | ടി.എ.മാർ അവശ്യ രേഖകൾ പാലിക്കുന്നില്ല | -ടി- |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | ₹. 132157145.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹.101763453.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹. 147978 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹. 7,71,360 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 115440 | എ.മോഹനൻ, സെക്രട്ടറി |
| 3-15 | | 32538 (Fine) | രവി.വി., അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 147978 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 25560 | ആർ.ഗോപാലകൃഷ്ണപ്പിള്ള അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 600000 | ശ്രീമതി. സി. രാധിക ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-11 | 145800 | ഡോ.അരുൺ ശ്രീധർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 771360 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ. മോഹനൻ<br>സെക്രട്ടറി | സെക്രട്ടറി<br>എലപ്പുള്ളി ഗ്രാമ പഞ്ചായത്ത് | ശ്രീലക്ഷ്മി<br>വിദ്യാസാഗർ<br>നല്ലേപ്പിള്ളി<br>പാലക്കാട്-678553 |
| രവി.വി.<br>അസി.<br>എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>എലപ്പുള്ളി ഗ്രാമ പഞ്ചായത്ത് | അരവിന്ദ് നിവാസ്<br>ഹൗസ് നം.<br>23/114/C3)<br>പരുത്തിക്കാവ്<br>തത്തമംഗലം<br>പാലക്കാട്-678102 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP14/453/07/17.3.07 | പുനരഭിപ്രായകുറിപ്പ് |
| 1997-98 | LFP14/454/07/17.3.07 | -ടി- |
| 1998-99 | LFP14/455/07/17.3.07 | -ടി- |
| 1999-2000 | LFP14/450/07/17.3.07 | -ടി- |
| 2000-01 | LFP14/726/08/3.4.09 | -ടി- |
| 2001-02 | | |
| 2002-03 | LFP14/727/08/3.4.09 | പുനരഭിപ്രായക്കുറിപ്പ് |
| 2003-04 | LFP14/728/08/3.4.09 | -ടി- |
| 2004-05 | LFP14/729/08/3.4.09 | -ടി- |
| 2005-06 | LFP14/730/08/3.4.09 | പുനരഭിപ്രായക്കുറിപ്പ് |
| 2006-07 | LFP14/731/08/3.4.09 | പുനരഭിപ്രായക്കുറിപ്പ് |
| 2007-08 | LFP14/1162/11/12.12.11 | |
| 2008-09 | LFP14/399/11/12.12.11 | |
| 2009-10 | LFP14/2408/12/7.2.13 | |
| 2010-11 | LFP11/2408/12(1)/17.07.2013 | സർചാർജ് പ്രൊപ്പോസൽ |
| 2011-12 | LFP11/52/15/05.02.2015 | പുനരഭിപ്രായക്കുറിപ്പ് |
| 2012-13 | KSA-PKD11/1727/ 2015/04.04.2016 | പുനരഭിപ്രായക്കുറിപ്പ് |
| 2013-14 &<br>2014-15 | നം.കെ.എസ്.എ-പി.കെ.ഡി.പി.11/ 1264/2016/03.08.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | നം.കെ.എസ്.എ പികെഡി പി11-26/2017/31.12.2016 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**1**

# അനുബന്ധം

നം. കെ.എസ്.എ-പികെഡി11/1584/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി -16-09-2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അപാകതകളുടെ സംക്ഷിപ്തം

1. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി കുടിശ്ശിക തുകകളും തൻ വർഷ നീക്കിയിരിപ്പ് തുകകളും ഡി.സി.ബി സ്റ്റേറ്റ്മെന്റ്, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. എസ് ബി ടി -തനത് ഫണ്ട് , ട്രഷറി ടി എസ് ബി അക്കൗണ്ട് , സർവീസ് കോപ്പറേറ്റീവ് ബാങ്ക് എന്നിവയിലെ റിക്കൺസിലിയേഷൻ കൃത്യമല്ല വ്യത്യാസമായി കാണിച്ചിരിക്കുന്ന തുക സംബന്ധിച്ച് വ്യക്തതയില്ല.
3. എസ് ബി ടി -തനത് ഫണ്ടിലെ ബാങ്ക് ബുക്കിലെ നീക്കിയിരുപ്പ് തുകയും എ എഫ് എസിലെ നീക്കിയിരുപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4. എൻ ആർ ഇ ജി എസ് വരവ്/ ചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
5. ട്രഷറി തനത് ഫണ്ട് വി പി എഫ് എ 1-3 എന്ന അക്കൗണ്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല
6. ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിലെ തുകകൾ ബാലൻസ് ഷീറ്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
7. ആസ്തികളുടെ ഓപ്പണിംഗ് മൂല്യം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD11/1584/2017

Kerala State Audit Department

District Audit Office

Palakkad

Date –16-09-2017

## Audit Certificate

Certified that I have audited the Annual Financial Statement of ELAPPULLY Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of ELAPPULLY Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. The figures shown as the arrear & current balance of property tax (2016-17) inAFS, are not in agreement with the figures shown in DCB statement and Sanchaya Software.
2. Bank account for SBT-Own fund,Treasury TSB account, Service co.operative bank acounts are not reconcilled properly. ( Figures shown in the reconciliation statement as cheques deposited but not collected, cheques issued but not presented into bank, Directly debited by bank ect. are not clear.)
3. Closing balance shown in the Bank book of SBT own fund is not in agreement with the figures shown in AFS.
4. Income & Expenditure of MGNREGS is not in agreement with the AFS.
5. Treasury own Fund VPFA1-3 is not produced for Audit.
6. Figures shown in the Investment Register is not in Agreement with the figures of AFS.
7. Asset values not ascertained and linked with Sankhya.

Deputy Director